# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ്:0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി. 38/16/മിസ് എ — തിരുവനന്തപുരം, 15/07/2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം :- 2016 - 17 ലെ വർക്കല ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം- വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന : - 1) കീഴാറ്റിങ്ങൽ ദേവസ്വം വാച്ചർ ശ്രീ.പി.ആദേശിന്റെ അപേക്ഷ.
2) കവലയൂർ ദേവസ്വം വാച്ചർ ശ്രീ.ജി.ആർ.വിഷ്ണുവിന്റെ അപേക്ഷ.
3) കൊടുമൺ ദേവസ്വം വാച്ചർ ശ്രീ.എം.സുരേഷ് കുമാറിന്റെ അപേക്ഷ.
4) വിളയ്ക്കാട് ദേവസ്വം വാച്ചർ ശ്രീ.മുരളീധരന്റെ അപേക്ഷ

1) ശ്രീ..ആദേശ് .പി, വാച്ചർ, കീഴാറ്റിങ്ങൽ ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ കീഴാറ്റിങ്ങൽ, ആവണിപുരം, കടയ്ക്കാവൂർ എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നതും, നാവായ്ക്കുളം ദേവസ്വത്തിൽ സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതുമാണ്. ആവണിപുരം ദേവസ്വം, കൊടുമൺ ദേവസ്വം, കീഴാറ്റിങ്ങൽ ദേവസ്വം എന്നിവിടങ്ങളിൽ ഒഴിവുണ്ടാകുന്നപക്ഷം ടിയാന്റെ അപേക്ഷ പരിഗണിക്കണമെന്ന് ബോധിപ്പിച്ചിട്ടുള്ളതാണ്.

ടിയാൻ ആവശ്യപ്പെട്ട ദേവസ്വങ്ങളിൽ സീനിയർ ആയിട്ടുള്ളവർ അപേക്ഷിച്ചിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

2) ശ്രീ..ജി.ആർ.വിഷ്ണു, വാച്ചർ, കവലയൂർ ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ വിളയ്ക്കാട് ദേവസ്വം, കുറ്റൂർ ദേവസ്വം, ആലന്തറ ദേവസ്വം എന്നിവിടങ്ങളിലേയ്ക്ക് അപേക്ഷ നൽകിയിരുന്നതും, ആദ്യ ചോയ്സായ വിളയ്ക്കാട് ദേവസ്വത്തിൽ നിലവിൽ ജോലി ചെയ്യുന്ന ശ്രീ.പി.മുരളീധരൻപിള്ള മൂന്നുവർഷം പൂർത്തിയാക്കിയിട്ടും തുടരുന്നതിനാൽ അപ്പീൽ പരിഗണിച്ച് വിളയ്ക്കാട് ദേവസ്വത്തിൽ സ്ഥലംമാറ്റം നൽകണമെന്ന് ബോധിപ്പിച്ചിട്ടുള്ളതാണ്.

ടിയാൻ ആവശ്യപ്പെട്ട ദേവസ്വങ്ങളിൽ സീനിയർ അപേക്ഷകർ ഉള്ളതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

3) ശ്രീ.എം.സുരേഷ് കുമാർ, വാച്ചർ, കൊടുമൺ ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ ശാർക്കര, വർക്കല എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നതും മാറ്റം നൽകിയിട്ടില്ലാത്തതുമാണ്. 2015 ൽ ബഹു.കോടതി ഉത്തരവ് പ്രകാരം നാവായ്ക്കുളത്ത് നിയോഗിച്ചിട്ടുള്ള ശ്രീ.ജയകുമാറിനെ ടിയാന്റെ ആദ്യ ചോയ്സായ ശാർക്കര ദേവസ്വത്തിൽ മാറ്റം നൽകിയിട്ടുള്ളതാണ്. രണ്ടാം ചോയ്സായ വർക്കല ദേവസ്വത്തിൽ ജൂനിയർ ആയ അരുണിനെ സ്ഥലംമാറ്റിയിട്ടുള്ളതാണ്. ആകയാൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് ആവശ്യപ്പെട്ട ദേവസ്വങ്ങളിൽ മാറ്റം നൽകണമെന്ന് ബോധിപ്പിച്ചിട്ടുള്ളതാണ്.

ടിയാനെ ശിക്ഷണ നടപടിയുടെ ഭാഗമായി വർക്കല ഗ്രൂപ്പിലേയ്ക്ക് മാറ്റിയിട്ട് രണ്ടുവർഷം മാത്രമേ ആയിട്ടുള്ളൂ ആകയാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

4) ശ്രീ.മുരളീധരൻ, വാച്ചർ, വിളയ്ക്കാട് ദേവസ്വം

ടിയാൻ വർക്കല, ശാർക്കര, വിളയ്ക്കാട് എന്നീ ദേവസ്വങ്ങൾ പൊതുസ്ഥലംമാറ്റത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതും, മറ്റ് അപേക്ഷകർ ഇല്ലാത്തതിനാൽ വിളയ്ക്കാട് തുടരുന്നതിന് അനുവദിച്ചിട്ടുള്ളതുമാണ്.

ടിയാൻ സീനിയറായതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് ടിയാനെ വിളയ്ക്കാട് തുടരുന്നതിന് അനുവദിച്ച ഉത്തരവിൽ മാറ്റമുണ്ടാകുന്നില്ല.

സ്ഥലംമാറ്റ ഉത്തരവ് 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേതാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല
2) ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3) ഫെയർ ആഫീസ് കോപ്പി.

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.39/16/മിസ്.ബി.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- വർക്കല ഗ്രൂപ്പിലെ പഞ്ചവാദ്യം ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- അയിരൂർ ദേവസ്വം പഞ്ചവാദ്യം ശ്രീ. കെ.സുരേഷ്കുമാറിന്റെ അപ്പീൽ അപേക്ഷ.

ടിയാന്റെ പൊതു സ്ഥലം മാറ്റ അപേക്ഷയിൽ ശാർക്കര, കീഴാറ്റിങ്ങൽ ആവണിപുരം എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. വർക്കല ദേവസ്വത്തിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റണമെന്നാണ് അപ്പീലിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാനെ വർക്കല ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20/07/2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP Section

ശ്രീ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.39/16/മിസ്.ബി. ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- വർക്കല ഗ്രൂപ്പിലെ നാദസ്വരം ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- നാവായിക്കുളം ദേവസ്വം തളി ശ്രീ. റ്റി. അനിൽകുമാറിന്റെ അപ്പീൽ. അപേക്ഷ.

ടിയാന്റെ പൊതു സ്ഥലം മാറ്റത്തിൽ കുറ്റൂർ, ശാർക്കര, തിരുവാറാട്ടുകാവ് എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കുറ്റൂർ ദേവസ്വത്തിൽ നാദസ്വരം ഒഴിവിലാണെന്നും ടി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്നാണ് അപ്പീലിലെ ആവശ്യം.

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് കുറ്റൂർ ദേവസ്വത്തിലേയക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20/07/2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP Section

ശ്രീ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഇ.സി.നം.40/16/മിസ്.സി.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- വർക്കല ഗ്രൂപ്പിലെ തളി ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- വർക്കല ദേവസ്വം തളി ശ്രീമതി. കെ. വത്സലകുമാരിയുടെ അപ്പീൽ അപേക്ഷ. ശ്രീമതി. വത്സലകുമാരി (വർക്കല ദേവസ്വം)

പൊതു സ്ഥലം മാറ്റത്തിൽ ടിയാൾ മൈനർ കുളത്തൂപ്പുഴ, കേളേശ്വരം, ശാർക്കര, വർക്കല എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും, ടിയാൾ ആവശ്യപ്പെടാത്ത ദേവസ്വത്തിലേയ്ക്കാണു മാറ്റിയതെന്നും പെൻഷനാകാൻ രണ്ടു വർഷം മാത്രമുള്ള ടിയാൾക്ക് വർക്കല ദേവസ്വത്തിൽ തന്നെ തുടരണമെന്നുമാണ് അപ്പീലിലെ ആവശ്യം.

ടിയാൾ പെൻഷൻ ആകുവാൻ രണ്ടു വർഷം മാത്രമാണുള്ളതെന്ന വസ്തുതയും ടിയാൾ ആവശ്യപ്പെട്ട വർക്കല ദേവസ്വത്തിലെ തളി ലാവണം ഒഴിവുള്ള വസ്തുതയും കണക്കിലെടുത്തും ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാളെ വർക്കല ദേവസ്വത്തിൽ തന്നെ തുടരുന്നതിനനുവദിച്ചും ഉത്തരവാകുന്നു.
ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ

Seulathi

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല..
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP section

ശ്രീ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.40/16/മിസ്.സി.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- വർക്കല ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- വർക്കല ദേവസ്വം കഴകം ശ്രീ. കെ. വിനോദ്കുമാറിന്റെ അപ്പീൽ അപേക്ഷ. ശ്രീ. കെ. വിനോദ്കുമാർ (വർക്കല ദേവസ്വം)

പൊതു സ്ഥലം മാറ്റത്തിൽ ശാർക്കര, കേശ്വേരം, വർക്കല എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും, എന്നാൽ ടിയാൻ ആവശ്യപ്പെടാത്തതും ഏറെ അസൗകര്യമുള്ളതുമായ ദേവസ്വത്തിലേയ്ക്കാണു മാറ്റിയിട്ടുള്ളതെന്നും ഒഴിവുള്ള വിളയ്ക്കാട് ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകണമെന്നുമാണ് അപ്പീലിലെ ആവശ്യം.

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഒഴിവുള്ള വിളയ്ക്കാട് ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു. ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല..
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) KDP section

ശ്രീ.

ആർ.ഒ.സി.നം.41/16/എസ്.

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം: 19/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- 2016-17-ലെ വർക്കല ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലംമാറ്റം

സൂചന:- ശാന്തിക്കാരുടെ അപ്പീൽ അപേക്ഷകൾ.

1) ശ്രീ. വി.എസ്. പ്രദീപ്.

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- ആവണിപുരം, ഒറ്റൂർ, വിലക്കിനിമംഗലം എന്നീ ക്രമത്തിലാണ്. വിലക്കിനിമംഗലം ദേവസ്വത്തിൽ 31/08/2016-ൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് ടിയാനെ പരിഗണിക്കണമെന്നാണ് അപ്പീലിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

നാവായിക്കുളം ദേവസ്വം കീഴ്ശാന്തി ശ്രീ. വി.എസ്. പ്രദീപിനെ വിലക്കിനിമംഗലം ദേവസ്വത്തിൽ 31/08/2016-ൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് സ്ഥലം മാറ്റംനൽകി അപേക്ഷയിൽ ഉത്തരവ് ആകുന്നു.

2) ശ്രീ. ജയ്മോൻ.

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- ശാർക്കര, സീമന്തപുരം, കോട്ടുകുന്നം എന്നീ ക്രമത്തിലാണ്. ശ്രീ. ജയ്മോനെക്കാൾ ജൂനിയറായ ശ്രീ. അരുൺകുമാറിനെയാണ് ശാർക്കര മേൽശാന്തിയായി പരിഗണിച്ചതെന്ന് അപ്പീലിൽ ബോധിപ്പിക്കുന്നു.

ശാർക്കര മേൽശാന്തി അപേക്ഷകരിൽ സീനിയറായതിനാൽ ശ്രീ. ജയ്മോനെ ടി ദേവസ്വം മേൽശാന്തിയായി പരിഗണിച്ച് ഉത്തരവാകുന്നു.

3) ശ്രീ. പ്രകാശ്.

ടിയാൻ ആവശ്യപ്പെട്ട ദേവസ്വങ്ങൾ -ശാർക്കര, കോട്ടുകുന്നം കടയ്ക്കാവൂർ എന്നീ ക്രമത്തിലാണ്. ടിയാൻ ആവശ്യപ്പെട്ട കോട്ടുകുന്നം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം വേണമെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

കുറ്റൂർ ദേവസ്വം ശാന്തി ശ്രീ. പ്രകാശിനെ ടിയാന്റെ രണ്ടാം ചോയിസായ കോട്ടുകുന്നം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റാവുന്നതാണ്.

4) ശ്രീ. വാസുദേവൻപോറ്റി.

ടിയാൻ ആവശ്യപ്പെട്ട ദേവസ്വമായ കുറ്റൂർ ദേവസ്വത്തിലേയ്ക്ക് ടിയാനേക്കാൾ സർവ്വീസ് കുറഞ്ഞ ആളെ പരിഗണിച്ചുവെന്നതാണ് അപ്പീലിലെ ആക്ഷേപം.

ശ്രീ. വാസുദേവൻ പോറ്റിയുടെ അപേക്ഷ പരിഗണിച്ച് ടിയാനെ കുറ്റൂർ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയും, കുറ്റൂർ ദേവസ്വത്തിലേയ്ക്ക് മാറ്റിയ ശ്രീ.ദുർഗ്ഗാ പ്രശാന്തിനെ തിരുവാറാട്ടുകാവ് ദേവസ്വത്തിൽ നിലനിർത്തിയും ഉത്തരവാകുന്നു.

5) ശ്രീ. കെ. ശ്രീനി.

ടിയാൻ ശാർക്കര ദേവസ്വത്തിൽ തുടരാനാണ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ഹാജരാക്കിയിട്ടുള്ളത്.

ശാർക്കര ദേവസ്വം മേൽശാന്തിയായ ശ്രീനിയെ അയിരൂർ മേലേടം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റാവുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ.

(മറുപുറം)

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

പകർപ്പ്:-

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല
2) സെക്ഷൻ ഫയൽ.
2) ഫെയർ ആഫീസ് കോപ്പി.
3) EDP സെക്ഷൻ

ശ്രീ.